LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേഷൻ കുബേര

157 (4492) ശ്രീ. എളമരം കരീം :
ശ്രീ. എം. ഹംസ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബ്ലേഡ്/വട്ടിപ്പലിശക്കാർ ഇപ്പോഴും പ്രവർത്തിച്ചുവരുന്നതായി അറിയാമോ ; വായ്പ ആവശ്യക്കാർക്ക് ഇത്തരക്കാരെ ആശ്രയിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി പ്രഖ്യാപിച്ച 'ഋണമുക്തി' പദ്ധതി തികഞ്ഞ പരാജയമായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കുടുംബശ്രീയും സഹകരണ സംഘങ്ങളും വഴി വായ്പാ ആനുകൂല്യങ്ങൾ നിറവേറ്റാൻ കഴിയുന്ന നിലയിൽ പലിശ സബ്സിഡി തുടക്കത്തിൽ തന്നെ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വൻകിട ബ്ലേഡ് പലിശക്കാരുടെ സ്വാധീനംമൂലം അത്തരക്കാർക്കെതിരെ പരാതി പറയാൻ വായ്പക്കാർ ഭയപ്പെടുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേര പദ്ധതി നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്ത് ബ്ലേഡ്/വട്ടിപ്പലിശക്കാരുടെ പ്രവർത്തനങ്ങൾ കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലളിതമായ വായ്പാ വ്യവസ്ഥയും പെട്ടെന്ന് പണം ലഭിക്കുവാനുള്ള സാഹചര്യവും കാരണമാണ് ഇത്തരക്കാരെ സാധാരണക്കാർ ആശ്രയിക്കുന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ട്.

(ബി) അത്തരത്തിലൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓപ്പറേഷൻ കുബേര

158 (4493) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കൊട്ടാരക്കര പോലീസ് സ്റ്റേഷൻ പരിധിയിൽ നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പോലീസ് സ്റ്റേഷൻ തിരിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കേസുകളിൽ എത്ര പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ കറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ;

(ഡി) ആയതിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിയാത്ത കേസുകളും ആയതിന്റെ കാരണവും വിശദമാക്കുമോ ?

ഉത്തരം

(എ) 243 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.*

(ബി) അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്.

(സി) അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്.*

(ഡി) അനുബന്ധം -3 ആയി ചേർത്തിട്ടുണ്ട്.*

കാസർഗോഡ് ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ

159 (4494) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ വർഗ്ഗീയസംഘർഷങ്ങൾ ,രാഷ്ട്രീയ സംഘർഷങ്ങൾ സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അക്രമങ്ങൾ സംബന്ധിച്ച കേസുകൾ ; ബാലപീഡനം, ഭവനഭേദനം, കളവ് എന്നീ വിഭാഗങ്ങളിൽപ്പെട്ട കേസ്സുകൾ എത്രവീതമെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ വിവിധ സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly